പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)
പ്രകാരം സമർപ്പിക്കുന്നത്

2015 ജൂൺ 30-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

**2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നത്

611/2015.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി

,, ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ഡോ. എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴയ്ക്കൻ

,, റ്റി. വി. രാജേഷ്

,, ഷാഫി പറമ്പിൽ

,, എം. ഉമ്മർ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. സന്തോഷ്, വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജ്യോതി, എൽ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 9-6-2014-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 23-6-2015-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ടു ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പുതിരിച്ചും ഉൾപ്പെടുത്തിയിരിക്കുന്നു.

2015 ജൂൺ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*

തിരുവനന്തപുരം,
2015 ജൂൺ 23.

# റിപ്പോർട്ട്

ഭാഗം 1

## 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

## പൊതുവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 1)

2202-01-101-99—ലോവർ പ്രൈമറി സ്കൂളുകൾ

ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2010 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 2)

2202-01-101-98—അപ്പർ പ്രൈമറി സ്കൂളുകൾ

ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. 2010 മുതലുള്ള യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 3)

2202-01-102-99—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം —ടീച്ചിംഗ് ഗ്രാന്റ്

എയിഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ 2009 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത വിതരണം ചെയ്യുന്നതിനായി യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 234.05 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 4)

2202-01-104-99—പരിശോധന

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ യാത്രാബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നീ ഇനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 51.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 2 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 45954/പി2/2014/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 5)

2202-01-112-93—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന 179 ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്കായും ആഴ്ചയിൽ ഒരു മുട്ട എന്ന പദ്ധതിക്കായുമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിക്കുന്നത്. 24 ലക്ഷം കുട്ടികൾക്കായി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി

പ്രകാരം മുട്ടയ്ക്ക് 5 രൂപ ക്രമത്തിലും കണ്ടിൻജൻസി ചെലവ് 40 പൈസ ക്രമത്തിലും കുട്ടികൾക്ക് 40 ആഴ്ച മുട്ട നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ,ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

<u>ശിപാർശ (ഖണ്ഡിക 6)</u>

2202-01-800-81—<u>പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള പ്രീപ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം</u>

2013-14 സാമ്പത്തിക വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ, പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള പ്രീ പ്രൈമറി ക്ലാസ്സുകളിലെ 1948 അദ്ധ്യാപകർക്കും 758 ആയമാർക്കുമുള്ള ധനസഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 725 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

<u>ശിപാർശ (ഖണ്ഡിക 7)</u>

2202-02-001-99—<u>ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ</u>

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മോട്ടോർ വെഹിക്കിൾ റിപ്പയർ ഇനത്തിലും ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മോട്ടോർ വെഹിക്കിൾ റിപ്പയറിംഗിനും കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത വിതരണം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത ശീർഷകത്തിൽ യാത്രാബത്ത ഇനത്തിലും മോട്ടോർ വെഹിക്കിൾ റിപ്പയറിംഗിനത്തിലും 3.5 ലക്ഷം രൂപ വീതം വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 8)

2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 2 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 9)

2202-02-001-86—സംസ്ഥാന സ്കൂൾ യുവജനോത്സവം—സമ്മാനത്തുക

സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനത്തുക നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 10)

2202-02-101-99—പരിശോധന

ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 11)

2202-02-109-99—ഗവൺമെന്റ് സെക്കന്ററി സ്കൂളുകൾ

സംസ്ഥാനത്തെ ഗവൺമെന്റ് സെക്കന്ററി സ്കൂളുകളിലെ 23053 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 2008 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 12)

2202-02-110-99—ഗവൺമെന്റേതര സെക്കന്ററി സ്കൂളുകൾക്കുള്ള സഹായം—ടീച്ചിംഗ് ഗ്രാന്റ്

എയ്ഡഡ് ഹൈസ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് 2008 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 13)

4202-01-202-91—ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കെട്ടിടങ്ങളുടെ അപര്യാപ്തത രൂക്ഷമാണെന്നും ലബോറട്ടറികൾ വളരെ ശോചനീയമായ അവസ്ഥയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 14)

2202-02-001-94—ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ (പ്ലസ് ടു)

ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 14.64 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 15)

2202-02-001-94-34—മറ്റ് ചെലവുകൾ

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 750 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 16)

2202-02-001-94-21—മോട്ടോർ വാഹനങ്ങൾ

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലേക്കും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിലേക്കും ദീർഘയാത്രകൾ ആവശ്യമുള്ളതിനാൽ അനുയോജ്യമായ വാഹനം വാങ്ങുന്നതിലേക്കായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 17)

2202-02-001-94-05-1—ഓഫീസ് ചെലവുകൾ—വെള്ളക്കരം

വെള്ളക്കരം കുടിശ്ശിക ഇനത്തിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 14 ലക്ഷം രൂപ നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 18)

2202-02-001-94-06—വാടക, കരം, നികുതി

ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ഹൗസിംഗ് ബോർഡ് കെട്ടിടത്തിലെ 6000 സ്ക്വയർ ഫീറ്റ് കൂടി ആവശ്യമായതിനാൽ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. 36 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 19)

2202-02-001-92—ഹയർ സെക്കന്ററി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്

മൂന്ന് പുതിയ മേഖലാ ഓഫീസുകൾ കൂടി പ്രവർത്തനം ആരംഭിച്ചതിനാൽ പി.ഒ.എൽ. വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ്, മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം

അപര്യാപ്തമായതിനാൽ പി.ഒ.എൽ. ഇനത്തിൽ 71,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 30,000 രൂപയും, ടെലിഫോൺ ചെലവ് ഇനത്തിൽ 63,000 രൂപയും, മറ്റ് ഇനങ്ങൾക്കായി 1.30 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണികൾ ഇനത്തിൽ 92,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 20)

2202-02-001-95—വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ

കരിക്കലം റിവിഷനായി 2013-14 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 5.9 ലക്ഷം രൂപയ്ക്ക് മാത്രമേ ഭരണാനുമതി ലഭ്യമായിട്ടുള്ളൂ എന്നതിനാൽ ബാക്കി 94 ലക്ഷം രൂപ 2014-15-ൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 21)

2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്

2008-09 മുതൽ നോൺ പ്ലാൻ ശീർഷകത്തിൽ എസ്.സി.ഇ.ആർ.ടി.ക്ക് തുക ലഭ്യമല്ലാത്തതിനാൽ പ്ലാൻ വിഹിതത്തിൽ നിന്നും തുക ചെലവഴിക്കേണ്ടിവരുന്നതിനാൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് തടസ്സമുണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 400 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 22)

2202-80-004-89—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (എസ്.ഐ.ഇ.എം.എ.ടി.) കേരള

സീമാറ്റ്-കേരളയെ അന്തർദേശീയ നിലവാരത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ആദ്യഘട്ടമായി 2013-14-ൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്ക് പുറമേ 3,47,17,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമാണ് റിലീസ് ചെയ്തിട്ടുള്ളത്. ആയതിനാൽ 2014-15-ൽ ഈ ശീർഷകത്തിൽ 32.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 23)

2202-01-111-99—സർവ്വ ശിക്ഷാ അഭിയാൻ

സർവ്വ ശിക്ഷാ അഭിയാന്റെ വിവിധ പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 24)

2202-04-103-98—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (എൽ.ഇ.എ.പി. കേരള മിഷൻ)

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് അതുല്യം രണ്ടാംഘട്ടം, അക്ഷരലക്ഷം പദ്ധതി, സാക്ഷരതാ നിരക്ക് കുറഞ്ഞ പ്രദേശങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ (അട്ടപ്പാടി) വിഭാഗങ്ങളിലെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനും വേണ്ടിയുള്ള പ്രത്യേക പദ്ധതി എന്നിവയുടെ നിർവ്വഹണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 270 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതികാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

ശിപാർശ (ഖണ്ഡിക 63)

4202-01-202-93—അടിസ്ഥാന സൗകര്യം—സ്കൂൾ വിദ്യാഭ്യാസം

സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1097.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശ അനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 45957/പി2/14/പൊ.വി. തീയതി 13-5-2015)

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 31)

2203-00-103-99—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം

സ്വന്തം കെട്ടിടത്തിലേക്ക് മാറി പ്രവർത്തനം ആരംഭിച്ച ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷീനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷീനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും 2203-00-103-99 എന്ന ശീർഷകത്തിൽ 290 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നതിൽ 2014 ഡിസംബർ 31 വരെ 100.57 ലക്ഷം ചെലവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉവിവ. തീയതി 3-6-2015)

<u>ശിപാർശ(ഖണ്ഡിക 35)</u>

2203-00-103-91—ടെക്നിക്കൽ സ്കൂളുകളിലും പോളിടെക്നിക്കുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത രൂപീകരണം

ടെക്നിക്കൽ ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് മാനസിക പരിശീലനം നൽകുക, വിനിമയ കഴിവുകൾ വികസിപ്പിക്കുക, അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയെക്കുറിച്ചുള്ള പരിശീലനം നൽകുക, വിഭവങ്ങൾ, മെഷീനുകൾ, പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കരിക്കുലം രൂപാന്തരണ വർക്ക്ഷോപ്പുകൾ, അക്കാദമിക് പരിശോധന, പുരോഗതി അവലോകന വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ മുതലായവ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മാനസിക പരിശീലനം നൽകുക, വിനിമയ കഴിവുകൾ വികസിപ്പിക്കുക, അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയെക്കുറിച്ചുള്ള പരിശീലനം നൽകുക, വിഭവങ്ങൾ, മെഷീനുകൾ, പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കരിക്കുലം രൂപാന്തരണ വർക്ക്ഷോപ്പുകൾ, അക്കാദമിക് കോൺഫറൻസുകൾ മുതലായവ നടത്തുന്നതിനുമായി 2203-00-103-91 എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നതിൽ 2014 ഡിസംബർ 31 വരെ 31.28 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉവിവ. തീയതി 3-6-2015)

<u>ശിപാർശ (ഖണ്ഡിക 48)</u>

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

ഐ.എച്ച്.ആർ.ഡി. ഹെഡ്ഡാഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും എ.ഐ.സി.റ്റി.ഇ. സർവ്വകലാശാല നിബന്ധനകൾക്ക് അനുസൃതമായി സാധന സാമഗ്രികൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2080.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഐ.എച്ച്.ആർ.ഡി. ഹെഡ്ഡാഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനും മറ്റുമായി 13 കോടി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉ.വി.വ. തീയതി 3-6-2015)

<u>ശിപാർശ (ഖണ്ഡിക 50)</u>

<u>2203-00-800-73—വൈകല്യ പഠനത്തിൽ മികവിന്റെ കേന്ദ്രങ്ങൾ</u>

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിന്റെ വികസന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 50 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ സാധിക്കാത്തതിനാൽ ശിപാർശ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉ.വി.വ. തീയതി 3-6-2015)

<u>ശിപാർശ (ഖണ്ഡിക 51)</u>

<u>2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി</u>

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ സെന്ററിനു കീഴിലുള്ള രണ്ട് എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവൃത്തി ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായ തിനാൽ പദ്ധതിയിനത്തിൽ 5245 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 5245 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ സാധിക്കാത്തതിനാൽ ശിപാർശ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉ.വി.വ. തീയതി 3-6-2015)

<u>ശിപാർശ (ഖണ്ഡിക 67)</u>

<u>4202-02-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങൾ</u>

വിവിധ ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്തു പൂർത്തിയാക്കുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ തിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ വിവിധ ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ 4202-02-103-99 എന്ന ശീർഷകത്തിൽ 2014 ഒക്ടോബർ 31 വരെ 225.66229 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉ.വി.വ. തീയതി 3-6-2015)

ശിപാർശ (ഖണ്ഡിക 68)

4202-02-103-97—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)

ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനത്തിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനത്തിനായി 4202-02-103-97 എന്ന ശീർഷകത്തിൽ 2015 ജനുവരി 31 വരെ 112.91 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉ.വി.വ. തീയതി 3-6-2015)

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക 75)

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

ശമ്പള പരിഷ്കരണംമൂലമുണ്ടായ അധിക ബാധ്യത, പുതിയ എം.എ. കോഴ്സ്, മറ്റു പരിശീലന പരിപാടികൾ എന്നിവയ്ക്ക് പദ്ധതിയേതര ഇനമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സി.ഡി.എസിന്റെ ശമ്പള പരിഷ്കരണം, പുതിയ എം.എ. കോഴ്സ്, മറ്റ് പരിശീലന പരിപാടികൾ എന്നിവയ്ക്ക് വേണ്ടി പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന വിഷയനിർണ്ണയ സമിതിയുടെ ശിപാർശ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പരിശോധിച്ചു. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച ശേഷം ആവശ്യമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സി.ഡി.എസിനോട് നിർദ്ദേശിച്ചു. 2014-15 സാമ്പത്തിക വർഷം പദ്ധതിയേതര ഇനത്തിൽ 223 ലക്ഷം രൂപയും പദ്ധതിയിനത്തിൽ 400 ലക്ഷം രൂപയും ഗ്രാന്റായി സർക്കാർ അനുവദിച്ചിരുന്നു. ഇതിൽ 78.05 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും 250 ലക്ഷം രൂപ പദ്ധതി ഇനത്തിലും 2015 ഫെബ്രുവരിയിലാണ് റിലീസ് ചെയ്തത്. അതിനാൽ

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തപോലെ ധനപുനർവിനിയോഗംവഴി തുക അനുവദിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുവാൻ ആവശ്യമായ സമയം സി.ഡി.എസിന് ലഭിച്ചില്ല. കൂടാതെ 2014-15 സാമ്പത്തിക വർഷം ലഭിച്ച ഗ്രാന്റ് പൂർണ്ണമായും വിനിയോഗിച്ചതിനാൽ ധന വകുപ്പ് നിർദ്ദേശിച്ചതുപോലെ ധനപുനർവിനിയോഗംവഴി തുക കണ്ടെത്താൻ കഴിയുമായിരുന്നില്ല. എന്നാൽ റിട്ടയർ ചെയ്ത ഒഴിവുകൾ നികത്താതെയും കേരള സർക്കാർ, ICSSR എന്നിവർ നൽകിയ ഗ്രാന്റ് ഉപയോഗിച്ചും അഡീഷണൽ ചെലവുകൾ ഭാഗികമായി നിറവേറ്റി എന്ന് സി.ഡി.എസ്. അറിയിച്ചിട്ടുണ്ട്. ആയതിനാൽ വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തതുപോലെ ശമ്പള പരിഷ്കരണംമൂലമുണ്ടായ അധിക ബാധ്യത, പുതിയ എം.എ. കോഴ്സ്, മറ്റ് പരിശീലന പരിപാടികൾ എന്നിവയ്ക്ക് പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 11816/ഇ 1/14/പ്ലാനിംഗ് തീയതി 20-6-2015)

ശിപാർശ (ഖണ്ഡിക 76)

3425-60-200-71—കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതി—ധനസഹായം

കൗൺസിലിനുകീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ പുതിയ ഗവേഷണസ്ഥാപനങ്ങളായ ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, സെന്റർ സ്റ്റേറ്റ് ടെക്നോളജി പാർട്ണർഷിപ് ഇൻസ്റ്റിറ്റ്യൂട്ട്, ക്രിട്ടിക്കൽ മിനറൽ റിസർവ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കായി 2100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, സെന്റർ സ്റ്റേറ്റ് ടെക്നോളജി പാർട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, ക്രിട്ടിക്കൽ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ പുതിയ ഗവേഷണ സ്ഥാപനങ്ങളുടെ സ്വന്തമായ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയാണ് തുക ആവശ്യപ്പെട്ടതെന്നും എന്നാൽ വസ്തു കൈമാറ്റം ഉൾപ്പെടെയുള്ള ചില ഭരണപരമായ കാര്യങ്ങളാൽ ഇക്കാര്യം 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കാൻ കഴിയാത്തതിനാൽ തുക ആവശ്യമായി വന്നില്ല എന്നുമുള്ള കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യം ധനകാര്യ വകുപ്പ് ശരിവച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3806/എ 4/2014/ശാ.സാ.വ. തീയതി 20-6-2015)

## കായിക യുവജനകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക 77)

4202-03-102-98—ദേശീയ ഗെയിംസ്—അടിസ്ഥാനസൗകര്യ വികസനം

കായിക ഉപകരണങ്ങൾ വാങ്ങൽ, ഉദ്ഘാടന-സമാപന ചടങ്ങുകൾ, ഗെയിംസിന്റെ സംഘാടനം, താത്കാലിക നിർമ്മിതികളുള്ള ചെലവ്, ഗെയിംസ് വില്ലേജ്, കൂടാതെ ദേശീയ ഗെയിംസിന് മുന്നോടിയായി സന്നാഹമത്സരം (ട്രയൽ ഗെയിംസ്) എന്നിവ

സംഘടിപ്പിക്കുന്നതിന് അധികതുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് കേരളതാരങ്ങളുടെ പരിശീലനത്തിനായി 10 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

35-ാം ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് വിജയകരമായി നടത്തപ്പെടുകയുണ്ടായി. ഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിന്റെ പരിശീലനത്തിനും തയ്യാറെടുപ്പിനുമായി 6 കോടി രൂപ അനുവദിച്ചിരുന്നു. കൂടുതൽ തുക ആവശ്യമാണെങ്കിൽ സ്പോർട്സ് കൗൺസിലിന്റെ ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനും അനുവാദം നൽകിയിരുന്നു. ദേശീയ ഗെയിംസിന് മുന്നോടിയായി സന്നാഹമത്സരം സംഘടിപ്പിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 3686/എ 1/14/കാ.യു.വ. തീയതി 8-6-2015)

ശിപാർശ (ഖണ്ഡിക 78 )

2204-00-104-24—35-ാം ദേശീയ ഗെയിംസ്

ദേശീയ ഗെയിംസിനായി ടീമുകളെ തയ്യാറാക്കുന്നതിനുമുമ്പ് നൂറുദിന കൗണ്ട്ഡൗണിനായി അധികതുക വേണമെന്ന് വിലയിരുത്തിയ സമിതി ഒരു കോടി ആളുകളെ ഉൾപ്പെടുത്തി ആയത് നടത്തുന്നതിന് 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

35-ാം ദേശീയ ഗെയിംസിന് മുന്നോടിയായി 'റൺ കേരള റൺ' എന്ന പേരിൽ കൂട്ടയോട്ടം സംഘടിപ്പിക്കുകയുണ്ടായി. ഇതിനുള്ള ചെലവ് ദേശീയ ഗെയിംസിന്റെ ഫണ്ടിൽനിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 3686/എ 1/14/കാ.യു.വ. തീയതി 8-6-2015)

ശിപാർശ (ഖണ്ഡിക 79)

4202-03-102-98—ദേശീയ ഗെയിംസ് —അടിസ്ഥാനസൗകര്യ വികസനം

നിലവിലുള്ള ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകൾക്കായി ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഒറ്റത്തവണയായുള്ള ചെലവ് എന്ന നിലയിൽ ഇതൊരു പ്രത്യേക കേസ് ആയി പരിഗണിച്ച് 367 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷം പദ്ധതിയേതര അധിക ധനസഹായമായി 50 ലക്ഷം രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3686/എ 1/14/കാ.യു.വ. തീയതി 8-6-2015)

ശിപാർശ (ഖണ്ഡിക 80)

2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ

2014-15 സാമ്പത്തികവർഷത്തെ ശമ്പളം, സർവ്വീസ് പെൻഷൻ എന്നിവ നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പരിമിതികാരണം പദ്ധതിയേതര വിഹിതമായി അധികതുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 3686/എ 1/14/കാ.യു.വ. തീയതി 8-6-2015)

ശിപാർശ (ഖണ്ഡിക 81)

2204-00-104-95—ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ

ദേശീയ സ്കൂൾ മീറ്റിൽ പങ്കെടുത്ത് വിജയിച്ചവരുന്ന താരങ്ങൾക്ക് ഡി.പി.ഐ. വിതരണം ചെയ്തിരുന്ന ക്യാഷ് അവാർഡ് ഇപ്പോൾ സ്പോർട്സ് കൗൺസിലാണ് വിതരണം ചെയ്യുന്നത് എന്നതിനാലും ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ചു വരുന്ന താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം പദ്ധതിയേതര ശീർഷകത്തിൽ അധികധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ, 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനത്തിനുവേണ്ടി സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയ കായികതാരങ്ങൾക്കും പരിശീലകർക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പദ്ധതിവിഹിതത്തിൽനിന്നും പാരിതോഷികം നൽകുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 3686/എ 1/14/കാ.യു.വ. തീയതി 8-6-2015)

ശിപാർശ (ഖണ്ഡിക 82)

2204-00-103-98-36—യൂത്ത് വെൽഫെയർ ബോർഡ്

യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാന മന്ദിരനിർമ്മാണം, കേരളത്തിന്റെ സമഗ്രവികസനത്തിന് ക്രിയാത്മകമായി ഇടപെടുന്നതിന് അറിവും അവസരവും നൽകി യുവജനങ്ങളെ സജ്ജരാക്കുന്നതിനായുള്ള യുവശക്തി പദ്ധതി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ ധനകാര്യ വകുപ്പിനോട് അധിക തുകയ്ക്ക് ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് അംഗീകരിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 3585/ബി2/14/കാ.യു.വ. തീയതി 29-5-2015)

ശിപാർശ (ഖണ്ഡിക 83)

2204-00-103-98-31—യൂത്ത് വെൽഫെയർ ബോർഡ്—സഹായധനം—ശമ്പളം

ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചിരിക്കുന്ന തുക ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ 175 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ ധനകാര്യ വകുപ്പിനോട് അധിക തുകയ്ക്ക് ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് അംഗീകരിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 3585/ബി2/14/കാ.യു.വ. തീയതി 29-5-2015)

ശിപാർശ (ഖണ്ഡിക 84)

2204-00-103-68-36—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ—സഹായധനം—ശമ്പളേതരം

സെമിനാർ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര യുവജന സെമിനാർ നടത്തുന്നത് ഉൾപ്പെടെ കേരള സംസ്ഥാന യുവജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി വിഹിതമായി 2014-15 സാമ്പത്തിക വർഷം നീക്കിവച്ചിരുന്ന 100 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ കമ്മീഷന് അനുവദിക്കുകയുണ്ടായി. ആയതിൽ 31,03,300 രൂപ മാത്രം ചെലവഴിക്കുകയും ബാക്കി 18,96,700 രൂപ സറണ്ടർ ചെയ്യുകയുമുണ്ടായി. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 3585/ബി2/14/കാ.യു.വ. തീയതി 29-5-2015)

ശിപാർശ (ഖണ്ഡിക 85)

കേരള സംസ്ഥാന യൂത്ത് കമ്മീഷന് 2014-15 സാമ്പത്തിക വർഷത്തിൽ 12.25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചിട്ടുള്ള 8.25 ലക്ഷം രൂപയ്ക്കുപുറമേ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 86)

2204-00-103-68-31—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ—സഹായധനം—ശമ്പളം

നിലവിലുള്ള ജീവനക്കാർക്ക് ശമ്പളം, പുതിയതായി നിയമിക്കപ്പെട്ട 10 അംഗങ്ങൾക്കുള്ള ബത്തകൾ എന്നിവ നൽകുവാൻ ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 85, 86)

പദ്ധതിയേതര വിഹിതമായി 2014-15 സാമ്പത്തിക വർഷം ശമ്പളയിനത്തിൽ 52.20 ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ 8.25 ലക്ഷം രൂപയും അനുവദിച്ചതിൽ ശമ്പളയിനത്തിൽ 52.20 ലക്ഷം രൂപ ചെലവാക്കുകയും ശമ്പളേതരയിനത്തിൽ ചെലവാകാത്ത 2,25,000 രൂപ സറണ്ടർ ചെയ്യുകയുമുണ്ടായി. ഈ സാഹചര്യത്തിൽ അധിക തുക നൽകണമെന്ന സമിതിയുടെ ശിപാർശ നടപ്പാക്കിയിട്ടില്ല

(സർക്കാർ കത്ത് നമ്പർ 3585/ബി2/14/കാ.യു.വ. തീയതി 29-5-2015)

## സാംസ്കാരികകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക 87)

2205-00-103-99—പുരാവസ്തു ഗവേഷണം—പുരാവസ്തു ഗവേഷണ വകുപ്പ്
02—വേതനം

സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസ വേതനക്കാരെ നിയോഗിച്ചതുകൊണ്ടും ശമ്പള പരിഷ്കരണംമൂലം വേതനം വർദ്ധിച്ചതുകൊണ്ടും ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 88)

45—പി.ഒ.എൽ.

ഡീസൽ വിലയിലുണ്ടായ വർദ്ധനവും നിലവിലുള്ള വാഹനങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കുന്നതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 89)

34-3—മറ്റു ചെലവുകൾ—മറ്റിനം

പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും വിവിധ ചെലവുകൾ വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 87, 88, 89)

ഫണ്ടിന്റെ അപര്യാപ്തതമൂലം 2014-15 വർഷത്തിൽ സമിതി നിർദ്ദേശിച്ച അധിക തുകകൾ അനുവദിക്കുവാൻ കഴിഞ്ഞില്ല. 2015-16 സാമ്പത്തിക വർഷം ഈ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ശീർഷകം | വകയിരുത്തിയിരിക്കുന്ന തുക |
|---|---|
| 2205-00-103-99-02—വേതനം | 175 ലക്ഷം രൂപ |
| 2205-00-103-99-45—പി.ഒ.എൽ. | 4 ലക്ഷം രൂപ |
| 2205-00-103-99-34-3—മറ്റുചെലവുകൾ മറ്റിനം | 5.53 ലക്ഷം രൂപ |

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 90)

2205-00-104-99—കേരള സ്റ്റേറ്റ് ആർക്കൈവ്സ്

തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര ചരിത്രമ്യൂസിയവും സ്വാതന്ത്ര്യസമര സ്മാരകവും നിർമ്മിക്കുന്നതു സംബന്ധിച്ച ജോലികൾക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്വാതന്ത്ര്യസമര ചരിത്രമ്യൂസിയത്തിന് സ്ഥലം ലഭ്യമാകാത്തതിനാൽ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 91)

2205-00-102-98—കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കൽ—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

സരസകവി മൂലൂർ സ്മാരകത്തിന് വാർഷിക ഗ്രാന്റ് 75,000 രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി 4.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സരസകവി മൂലൂർ സ്മാരകത്തിന്റെ വാർഷിക ഗ്രാന്റ് 2014-15 സാമ്പത്തിക വർഷത്തിൽ 75,000 രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും പദ്ധതിയേതര വിഹിതത്തിൽ നിന്നും പ്രസ്തുത തുക സ്മാരകത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 94)

2205-00-800-73—സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ—ധനസഹായം

ജീവനക്കാർക്കുള്ള ഡി. എ. വർദ്ധനവ്, ഡി. എ. കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും നൽകുന്നതിലേക്കായി 63,00,000 (അറുപത്തിമൂന്ന് ലക്ഷം രൂപ) 7-2-2015-ലെ സ.ഉ. (സാധാ.) 1019/15/ധന. എന്ന നമ്പരായും 17,50,000 (പതിനേഴുലക്ഷത്തി അൻപതിനായിരം രൂപ) 25-3-2015-ലെ സ.ഉ. (സാധാ.) 2710/15/ധന. എന്ന നമ്പരായും അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 95)

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സുഗമമായ നടത്തിപ്പിനും ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം സാംസ്കാരിക സംഘടനകൾക്ക് അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിന് പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഈ ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. 2015-16 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 96)

2205-00-102-97—കേരള സാഹിത്യ അക്കാദമി—ധനസഹായം

കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ സമഗ്രമായി നടപ്പിലാക്കുന്നതിനും നിലവിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 97)

ശമ്പളവും ആനുകൂല്യങ്ങളും മറ്റു സ്ഥാപന ചെലവുകളും വർദ്ധിച്ചതിനാലും ശമ്പള പരിഷ്കരണംമൂലം അധിക ബാദ്ധ്യത ഉണ്ടായതിനാലും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര ഗ്രാന്റ് പര്യാപ്തമാകുകയില്ല എന്ന് വിലയിരുത്തിയ സമിതി 63.38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 96, 97)

സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2015-16 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 240 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 106.28 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 98)

2205-00-101-96—ജവഹർ ബാലഭവൻ

തിരുവനന്തപുരം ജവഹർ ബാലഭവന്റെ സമ്പൂർണ്ണ വികസനം, കുട്ടികൾക്കായി 200 കിടക്കകളുള്ള ഒരു ഡോർമെട്ടറിയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം, സ്ഥലം റീടെയിനിംഗ് വാൾ നിർമ്മാണം, ഓപ്പൺ ഓഡിറ്റോറിയം നവീകരണം, നേഴ്സറി സ്കൂൾ നവീകരണം, എ.എസ്.എം. ഹാൾ നവീകരണം എന്നിവയ്ക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 99)

കേരളത്തിലെ 5 ബാലഭവനുകളിലെ ജീവനക്കാർക്ക് ഇ. പി. എഫ്. ഉൾപ്പെടെയുള്ള ശമ്പളം നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 236 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 98, 99)

ജവഹർ ബാലഭവനുകൾക്ക് 2014-15 സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 85 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 55 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ജവഹർ

ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, 2014-15 സാമ്പത്തികവർഷം പദ്ധതിയേതരയിനത്തിൽ 40 ലക്ഷം രൂപ അധികധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ, നടപ്പുവർഷം സംസ്ഥാനത്തെ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 100 ലക്ഷം രൂപയും പദ്ധതിയേതര വിഹിതമായി 60.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 100)

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)

മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സിന്റെ കെട്ടിടങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും കൂത്തമ്പലത്തിലെ രംഗമണ്ഡപത്തിന്റെ മേൽക്കൂര നിർമ്മാണം പൂർത്തിയാക്കൽ, പ്രതിവാര പരിപാടികളിൽ പങ്കെടുക്കുന്ന കാലാകാരൻമാരുടെ പ്രതിഫലം വർദ്ധിപ്പിക്കുക, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മറ്റു സാംസ്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കുക, വിദേശികൾക്കായി സാംസ്കാരിക ടൂറിസം, സ്വരരാഗ മഹോത്സവം, അക്ഷരശ്ലോക സദസ്സ്, രബീന്ദ്ര സംഗീതം, ചിലങ്ക നൃത്തോത്സവം എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 101)

പദ്ധതിയേതര ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 100, 101)

ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നും യഥാസമയം പ്രൊപ്പോസൽ ലഭ്യമാകാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തത കാരണവും 2014-15 സാമ്പത്തികവർഷം അധിക ധനസഹായം അനുവദിക്കാൻ കഴിഞ്ഞില്ല. 2015-16 സാമ്പത്തികവർഷം വൈലോപ്പിള്ളി സംസ്കൃതി ഭവന് പദ്ധതിയിനത്തിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 102)

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം തീർത്തും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പദ്ധതി ഇനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 103)

ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണച്ചെലവുകൾ എന്നിവയ്ക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം പര്യാപ്തമല്ലാത്തതിനാൽ 155.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 106)

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കെട്ടിട നിർമ്മാണം, പുസ്തക നിർമ്മാണം, ലൈബ്രറി ഓട്ടോമേഷൻ, ഭാഷാ കമ്പ്യൂട്ടിംഗ്, ഭാഷാ നവീകരണം, മൺമറഞ്ഞ സാഹിത്യകാരന്മാരുടെ ശതാബ്ദി ആഘോഷങ്ങൾ, വിജ്ഞാനം ഗ്രാമങ്ങളിലേക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 107)

നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ക്ഷാമബത്ത കുടിശ്ശിക പി.എഫിലേക്ക് ലയിപ്പിക്കുന്നതിനും പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 122)

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി—ധനസഹായം

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക, 2 സഞ്ചരിക്കുന്ന പുസ്തകശാലാ വാഹനങ്ങൾ വാങ്ങുക, കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക, പി.എഫ്. കുടിശ്ശിക അടയ്ക്കുക, ജീവനക്കാർക്ക് ശമ്പളം നൽകുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 123)

2202-05-102-98—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടി പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 132)

2202-05-102-86—മലയാളം മിഷൻ

മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 102, 103, 106, 107, 122, 123, 132)

2014-15 സാമ്പത്തിക വർഷത്തിൽ സമിതി നിർദ്ദേശിച്ച പ്രകാരം അധിക ധനസഹായം അനുവദിക്കുവാൻ സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പ്രകാരം നിർവ്വാഹമില്ലായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഓരോ സ്ഥാപനത്തിനും താഴെ പറയും പ്രകാരം, ബഡ്ജറ്റിൽ പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും വർദ്ധനവ് വരുത്തി തുക വകയിരുത്തിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു:

| സ്ഥാപനം | 2014-15 | | 2015-16 | |
|---|---|---|---|---|
| | പദ്ധതി | പദ്ധതിയേതരം | പദ്ധതി | പദ്ധതിയേതരം |
| കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 1,50,00,000 | 2,48,82,000 | 1,60,00,000 | 2,73,70,000 |
| കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 1,20,00,000 | 97,00,000 | 1,32,00,000 | 1,06,70,000 |
| കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 1,40,00,000 | 1,95,25,000 | 1,50,00,000 | 2,14,77,000 |
| കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി | 50,00,000 | ഇല്ല | 50,00,000 | ഇല്ല |
| മലയാളം മിഷൻ | 80,00,000 | 25,00,000 | 85,00,000 | 25,00,000 |

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 104)

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

അഞ്ച് തിയേറ്ററുകളുടെയും ചിത്രാഞ്ജലി സ്റ്റുഡിയോയുടെയും നവീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 400 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 117)

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകൾ, അന്തർദേശീയ ഹ്രസ്വചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ മാധ്യമം, ഫിലിം ലൈബ്രറി നവീകരണം, ടൂറിംഗ് ടാക്കീസ് പരിപാടി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 104, 117)

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും, കേരള ചലച്ചിത്ര അക്കാദമിക്കും 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നിന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നവീകരണത്തിന് 4 കോടി രൂപയും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയിനത്തിൽ 4.50 കോടിയും പദ്ധതിയേതര ഇനത്തിൽ 251.08 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 6033/എ 3/2014/സാം.കാ.വ. തീയതി 29-4-2015)

ശിപാർശ (ഖണ്ഡിക 105)

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സബ്സിഡി തുക കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 201 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, അധിക പദ്ധതിയേതര വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 7497/ബി3/2014/സാം.കാ.വ. തീയതി 7-11-2014)

ശിപാർശ (ഖണ്ഡിക 108)

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

അതിഥി ദേവോഭവ, കേരളത്തനിമ, ദേശീയോദ്ഗ്രഥന പരിപാടികൾ, അഫിലിയേറ്റഡ് അസോസിയേഷൻ പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം തീർത്തും അപര്യാപ്തമായ തിനാൽ 48.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 109)

ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര വിഹിതത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 18.98 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 108, 109)

2014-15 സാമ്പത്തിക വർഷത്തിൽ ഭാരത് ഭവന് പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 8.77 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. എന്നാൽ, സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 110)

2205-00-101-97—കേരള കലാമണ്ഡലം

സൗത്ത് ഇൻഡ്യൻ പെർഫോമിംഗ് ആർട്സ് മ്യൂസിയത്തിന്റെ നിർമ്മാണം, ഓഡിറ്റോറിയം, സെമിനാർ-പബ്ലിക്കേഷൻ-കോപ്പ് നിർമ്മാണം, ക്വാർട്ടേഴ്സ് നിർമ്മാണം, മറ്റു വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പദ്ധതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 111)

പദ്ധതിയേതര ചെലവുകളിൽ വർദ്ധനവ് വന്നതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 570.95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 110, 111)

2015-16 സാമ്പത്തികവർഷത്തിൽ കേരള കലാമണ്ഡലത്തിന് പദ്ധതിയിനത്തിൽ 900 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 507.38 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ, സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 112)

2205-00-102-68—വാസ്തുവിദ്യാഗുരുകുലം

2014-15 സാമ്പത്തിക വർഷത്തിൽ വാസ്തുവിദ്യാഗുരുകുലം നടത്തുവാനുദ്ദേശിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷം അവസാനിച്ചതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും സമിതി ശിപാർശ ചെയ്ത അധികധനസഹായം അനുവദിക്കാൻ കഴിഞ്ഞില്ല. 2015-16 സാമ്പത്തികവർഷത്തിൽ വാസ്തുവിദ്യാഗുരുകുലത്തിന് പദ്ധതിയിനത്തിൽ 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 113)

2205-00-102-76—ഗുരുഗോപിനാഥ് നടനഗ്രാമം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിർമ്മാണം, ഇതിനോടനുബന്ധിച്ച് റോഡ്‌വശത്തെ പ്രധാന കവാടം കലാപരമായി മോടി പിടിപ്പിക്കൽ, പ്രവേശന കവാടം മുതൽ മ്യൂസിയം വരെ പാതയിൽ ഇൻറർലോക്ക് പാകൽ, ദേശീയ നൃത്ത മ്യൂസിയത്തിന് മുൻഭാഗത്ത് കുളം നിർമ്മിച്ച് അതിന് മദ്ധ്യഭാഗത്തായി ഭരതമുനിയുടെ 20 അടി ഉയരമുള്ള പ്രതിമ സ്ഥാപിക്കൽ, റോഡ് വശത്തെ പ്രവേശന കവാടം നിർമ്മാണം, ഗാർഡനിംഗ് പ്രവർത്തനം, റോഡ് ടാറിംഗ്, ഉദ്ഘാടനം എന്നീ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഈ ശീർഷകത്തിൽ 115 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 114)

ദേശീയ നൃത്ത മ്യൂസിയം ഉദ്ഘാടനവുമായി ബന്ധപ്പെട്ട സെമിനാറുകളും ശില്പശാലകളും അനുബന്ധ പരിപാടികളും നടത്തേണ്ടതിനാൽ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതി വിഹിതത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 115)

36—സഹായധനം—ശമ്പളേതരം

ജീവനക്കാർക്കും, അദ്ധ്യാപകർക്കും ശമ്പളം നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 18.95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 113, 114, 115)

ഗുരുഗോപിനാഥ് നടനഗ്രാമത്തിന് 2014-15 സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 35.05 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഗുരുഗോപിനാഥ് നടനഗ്രാമത്തിന് പദ്ധതി-പദ്ധതിയേതര ശീർഷകങ്ങളിൽ 2014-15 വർഷം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. ഗുരുഗോപിനാഥ് നടനഗ്രാമത്തിന് 2014-15 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 38.55 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ദേശീയ നൃത്ത മ്യൂസിയത്തിന് നടപ്പുവർഷം 115 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 118)

2205-00-102-90—കേരള സംഗീത നാടക അക്കാഡമി

അക്കാഡമിയുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 119)

2013-ലെ അവാർഡ്, ഫെല്ലോഷിപ്പ്, ഗുരുപൂജ പുരസ്കാരം എന്നിവ നൽകുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 118, 119)

2014-15 സാമ്പത്തികവർഷത്തിൽ സംഗീതനാടക അക്കാദമിക്ക് പദ്ധതിയിനത്തിൽ 3.68 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 86.95 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ, സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കാൻ നിർവ്വാഹമില്ല. 2015-16 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 4.05 ലക്ഷവും പദ്ധതിയേതരയിനത്തിൽ 95.64 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 120)

2205-00-102-86—മാർഗി

കഥകളി കലാകാരന്മാർക്ക് വിദഗ്ദ്ധപരിശീലനം നൽകുന്നതിനും, ലക്ചർ ഡെമോൺസ്ട്രേഷൻ നടത്തുക, ക്ലാസുകൾ സംഘടിപ്പിക്കുക, സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി, വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി

ക്ലാസുകൾ നടത്തുക,കോപ്പുകളും മറ്റ് അനുബന്ധസാധനങ്ങളും നിർമ്മിക്കുക തുടങ്ങിയവയും കൂടിയാട്ടത്തിന്റെ പരിപാലനത്തിനും പരിപോഷണത്തിനും വേണ്ടി സെമിനാറുകളും ക്ലാസുകളും നടത്തുക, കലാകാരന്മാർക്ക് ശമ്പളം നൽകുക, വേഷവിധാനങ്ങൾ, കിരീടം, ആടയാഭരണങ്ങൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവ വാങ്ങുക എന്നിവയ്ക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മാർഗി കഥകളി വിദ്യാലയത്തിന് 2014-15 സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ മാർഗിക്ക് പദ്ധതിയിനത്തിൽ കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. 2015-16 സാമ്പത്തികവർഷത്തിൽ മാർഗിക്ക് പദ്ധതിയിനത്തിൽ 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

<u>ശിപാർശ (ഖണ്ഡിക 121)</u>

<u>2205-00-102-74—കേരള നാടൻകല അക്കാഡമി</u>

കേരള ഫോക്‌ലോർ അക്കാഡമിയുടെ ട്രാവൻകൂർ ഫോക് വില്ലേജ്, വാദ്യോപകരണങ്ങളുടെ പഠന ഗവേഷണ കേന്ദ്രം, വാദ്യോപകരണങ്ങളുടേയും ഉപകരണ സംഗീതത്തിന്റേയും മ്യൂസിയം, ഫോക്‌ലോറിന്റെ പ്രസാരണത്തിനും സംരക്ഷണത്തിനും വൈവിധ്യവൽക്കരണത്തിനും വേണ്ടിയുള്ള നൂതനമായ പദ്ധതികൾ, ലോക ഫോക് ഉത്സവം, പി. കെ. കാളൻ ആർട്ട് ഗാലറി ഒന്നും രണ്ടും നിർമ്മാണം എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തികവർഷത്തിൽ കേരള ഫോക്ക്‌ലോർ അക്കാഡമിക്ക് പദ്ധതിയിനത്തിൽ 150 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 19.36 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള ഫോക്ക്‌ലോർ അക്കാദമിക്ക് ട്രാവൻകൂർ ഫോക്ക്‌ലോർ വില്ലേജ് പദ്ധതിക്കായി എം.എൽ.എ. ഫണ്ടിൽനിന്നും 125 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പൂരക്കളിക്ക് 5 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 124)

2205-00-102-98—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾ നിർമ്മിക്കുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾ നിർമ്മിക്കുവാൻ 2014-15 സാമ്പത്തികവർഷം 125 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. 2015-16 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 132 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 125)

2205-00-102-28—പ്രശസ്തരായ സാഹിത്യകാരൻമാരുടെയും സാംസ്കാരിക നായകന്മാരുടെയും പേരിലുള്ള സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും ശാക്തീകരണവും

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും നാമധേയത്തിലുള്ള സ്മാരകങ്ങളുടെ ധനസഹായത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപതമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും നാമധേയത്തിലുള്ള സ്മാരകങ്ങളുടെ പുനരുജ്ജീവനത്തിനായി 2014-15 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാനത്തിന്റെ പരിമിതമായ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഈ ശീർഷകത്തിൽ പദ്ധിതിയിനത്തിൽ കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തിലും ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 128)

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

കുമാരനാശാൻ നാഷണൽ മ്യൂസിയം ഓഫ് കൾച്ചറൽ ഹെറിറ്റേജ്, വിനോദസഞ്ചാര സൗകര്യകേന്ദ്രം, ആശാന്റെ പേരിൽ സ്കൂൾ, ആശാൻ കൃതികളുടെ ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വിവർത്തനവും പുസ്തക പ്രകാശനവും, ആശാനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കൽ തുടങ്ങിയ പദ്ധതികൾക്ക് ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 129)

സന്ദർശകരെ സ്വീകരിക്കൽ, സാംസ്കാരിക പ്രവർത്തനങ്ങൾ നടപ്പാക്കൽ, വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, സ്ഥാപന സംരക്ഷണം എന്നിവ നടത്തുന്നതിന് ജീവനക്കാർക്ക് മിനിമം വേതന നിയമമനുസരിച്ചുള്ള വേതനം നൽകുവാൻ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡികകൾ 128, 129)

തോന്നയ്ക്കൽ ആശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ 2015 സാമ്പത്തിക വർഷം പദ്ധതി-പദ്ധതിയേതര വിഹിതത്തിൽ അധിക ധനസഹായം ലഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാത്തതിനാൽ ധനപുനർവിനിയോഗത്തിലൂടെ കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 130)

2205-00-102-91—കേരള ലളിതകലാ അക്കാദമി

2014-15 സാമ്പത്തിക വർഷം കേരള ലളിതകലാ അക്കാദമി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ കേരള ലളിതകലാ അക്കാദമിക്ക് പദ്ധതിയിനത്തിൽ 300 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 10.375 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള ലളിതകലാ അക്കാദമിക്ക് ശ്രീകണ്ഠാപുരം കലാഗ്രാമ പദ്ധതിക്കായി എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ശിപാർശ (ഖണ്ഡിക 131)

2205-00-102-63—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി

മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമിയുടെ നടപ്പ് സാമ്പത്തികവർഷത്തെ പദ്ധതിയേതര പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷത്തിൽ മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമിക്ക് പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

ഭാഗം 2

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)-ലെ ശിപാർശകളിന്മേൽ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഉന്നതവിദ്യാഭ്യാസം | 25 മുതൽ 30 വരെ, 32, 33, 34, 36 മുതൽ 47 വരെ , 49,<br>52 മുതൽ 62 വരെ, 64, 65, 66, 69 മുതൽ 74 വരെ. |
| 2 | സാംസ്കാരികകാര്യം | 92, 93, 116, 126, 127. |

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2015 ജൂൺ 23.